"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-23-09-2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ പൊതുവിഭാഗം വികസന ഫണ്ട് വിനിയോഗിച്ചു കൊണ്ടുള്ള പശു വളർത്തൽ പദ്ധതിയിൽ (വനിത) പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് 100 ശതമാനം സബ്സിഡി നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.2103/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 06/11/2020**

---

പരാമർശം:- 1 പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.09.2020-ലെ കത്ത്

2 23.09.2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.29-ാം നമ്പർ തീരുമാനം

**ഉത്തരവ്**

അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് 2020-21 വർഷത്തെ വാർഷിക പദ്ധതിയിൽ ആവിഷ്കരിച്ചിരിക്കുന്നതും പൊതുവിഭാഗം വനിതാ ഗ്രൂപ്പുകൾക്ക് വേണ്ടി നടപ്പാക്കുന്നതുമായ പ്രോ.നം. 103/21: പശു വളർത്തൽ കോട്ടത്തറ ഡിവിഷൻ, പ്രോ.നം. 112/21: പശു വളർത്തൽ - പാലൂർ ഡിവിഷൻ എന്നീ പശു വളർത്തൽ പദ്ധതികളിൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്ന എല്ലാവരും പട്ടികവർഗ്ഗ വനിതകളാണെന്നും ഇവർക്ക് പശുക്കളെ നൽകുമ്പോൾ മാർഗ്ഗരേഖയിൽ പറയുന്ന പ്രകാരം പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അർഹതയുള്ള 100 ശതമാനം സബ്സിഡി നൽകാൻ അനുമതി നല്കണമെന്നുമുള്ള പരാമർശം (1) പ്രകാരമുള്ള ബ്ലോക്ക് പഞ്ചായത്തിന്റെ അപേക്ഷ കോഓർഡിനേഷൻ സമിതി പരിഗണിക്കുകയും പൊതുവിഭാഗം ഫണ്ടാണെങ്കിലും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് 100 ശതമാനം സബ്സിഡി നൽകാൻ പരാമർശം (2) പ്രകാരം അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് 2020-21 വർഷത്തെ വാർഷിക പദ്ധതിയിൽ പൊതുവിഭാഗം വനിതാ ഗ്രൂപ്പുകൾക്ക് വേണ്ടി നടപ്പാക്കുന്ന *പ്രോ.നം. 103/21:*പശു വളർത്തൽ കോട്ടത്തറ ഡിവിഷൻ (വനിത), *പ്രോ.നം. 112/21:*പശു വളർത്തൽ - പാലൂർ ഡിവിഷൻ (വനിത) എന്നീ പശു വളർത്തൽ പദ്ധതികളിൽ ഉൾപ്പെട്ടിരിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 1 0 0 ശതമാനം സബ്സിഡി നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYASREE P N

**അണ്ടർ സെക്രട്ടറി**

പകർപ്പ്:പ്രസിഡണ്ട്/സെക്രട്ടറി, അട്ടപ്പാടി, പാലക്കാട്

ജില്ലാ പ്ലാനിംഗ് ഓഫീസർ, പാലക്കാട്

ഗ്രാമ വികസന കമ്മീഷണർ. തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ) വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020.11.05 10:56:07 IST
Reason: Approved
സെക്ഷൻ ഓഫീസർ